**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 108** **31.10.2019 -ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിദ്യാഭ്യാസ നയം**

ചോദ്യം **ഉത്തരം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ.പുരുഷൻ കടലുണ്ടി**
**ശ്രീ.പി.കെ. ശശി**
**ശ്രീ.എം. നൗഷാദ് :**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ഭരണഘടനയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യം, മതനിരപേക്ഷത, അവകാശസമത്വം തുടങ്ങിയ മൂല്യങ്ങൾ പകർന്നു നൽകി രാജ്യത്തിന്റെ അഖണ്ഡതയും ഉൾച്ചേർന്ന വികസനവും ഉറപ്പാക്കുകയെന്ന വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് വേണ്ടത്ര പ്രചോദനം നൽകുന്നതല്ല പുതിയ കേന്ദ്ര വിദ്യാഭ്യാസനയത്തിന്റെ കരട് എന്ന ആക്ഷേപം ഉള്ളതിനാൽ അത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) നിലവിലെ സാഹചര്യത്തിൽത്തന്നെ പ്രാകൃതവും പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഉപാധിയായി പാഠ്യപദ്ധതിയെ കേന്ദ്ര ഭരണകൂടം വിനിയോഗിക്കുമ്പോൾ അതിന് അനുകൂല സാഹചര്യം ഒരുക്കുന്ന വിധത്തിൽ പാഠ്യക്രമം രൂപപ്പെടുത്തുന്നതിന് മാർഗമൊരുക്കാനുള്ള പുതിയ വിദ്യാഭ്യാസ നയത്തോടുള്ള വിയോജനം രേഖപ്പെടുത്തുമോ; | ബി) മാനവ വിഭവവികസന മന്ത്രാലയം ചർച്ചയ്ക്കായി പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിൽ ഫെഡറൽ സംവിധാനത്തിനോടൊത്തു പോകാത്ത ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. സംസ്ഥാനത്തിന് നിരവധി കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമുണ്ട്. അത്തരം അവകാശങ്ങളെ ദുർബലപ്പെടുത്തുകയും കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ കരട് വിദ്യാഭ്യാസ നയത്തിലുണ്ട് എന്നും അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

പാഠപുസ്തകങ്ങൾ പോലും കേന്ദ്രീകരിച്ച് തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ കരട് രേഖയിലുണ്ട്. ഇത് ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് യോജിച്ചുപോകുന്നവയല്ല എന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സി) അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഭാവിലോകത്തെ സാധ്യതകൾക്ക് അനുഗുണമാകുന്ന തരത്തിൽ സംസ്ഥാന തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;അതിനായി സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ?

സി) പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എസ്.സി.ഇ.ആർ.ടി.ഗവേണിംഗ് ബോഡി, സ്റ്റേറ്റ് കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയിൽ ഇക്കാര്യം ചർച്ച ചെയ്യുകയും പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയുടെ കാഴ്ചപ്പാട് , സമീപനം എന്നിവ രൂപപ്പെടുത്തുന്നതിന് വിവിധ പഠനങ്ങൾ എസ്.സി.ഇ.ആർ.ടി ഇതിനകം നടത്തിയിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ദേശീയ ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ തലങ്ങളിലെ ചർച്ചക്കായി പാഠ്യപദ്ധതിയുടെ കാഴ്ചപ്പാട്, സമീപനം എന്നിവ ഉൾക്കൊള്ളുന്ന കരട് രേഖ വികസിപ്പിക്കുന്ന പ്രവർത്തനം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ